പെൺപുലരി

‘അറിവില്ലായ്മകൊണ്ട് ഇനിയാരും വിവാഹചൂഷണത്തിന് ഇരയാവരുത്.’ സിന്ധു ബാലൻ മനസ്സിലുറപ്പിച്ചു

# രണ്ട് വർഷം 140 കല്യാണങ്ങൾ

മാതൃഭൂമി ചാനലിൽ വിവാഹത്തട്ടിപ്പിനെക്കുറിച്ചുള്ള വാർത്ത കേട്ടതാണ് തുടക്കം. തൃശ്ശൂരുകാരി സിന്ധു ബാലന്റെ മനസ്സിൽ ഒരാശയം കിളിർത്തു. ‘കുടുംബശ്രീ മാട്രിമോണി’ എന്ന ഓൺലൈൻ പോർട്ടൽ. ‘‘അറിവില്ലായ്മകൊണ്ട് ചൂഷണത്തിന് വിധേയരാകുന്ന എത്രയോ കുടുംബങ്ങൾ ഉണ്ടെന്ന് മനസിലായി. ഇനിയാരും വിവാഹത്തട്ടിപ്പിന് ഇരയാവരുതെന്നും ചിന്തിച്ചു.’’ സിന്ധുവിന്റെ ഈ ചിന്തയിൽ നിന്നുതുടങ്ങിയ പോർട്ടൽ വഴി ഇതുവരെ 140ലധികം കല്യാണങ്ങൾ നടത്തിക്കഴിഞ്ഞു! കുടുംബശ്രീ സംരംഭകർക്കിടയിലെ നൂതന ആശയമാണ് ഈ ‘വിവാഹബ്യൂറോ’.

തൃശ്ശൂർ ജില്ലയിലെ പോർക്കളത്തെ മുൻ കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സണും വൈസ് ചെയർപേഴ്സണും കൂടിയാണ് സിന്ധു. ‘‘കേരളത്തിലെ എല്ലാ വാർഡുകളിലും കുടുംബശ്രീ ഉണ്ട്. അങ്ങനെയാണെങ്കിൽ മുൻപ് വിവാഹം കഴിച്ചിട്ടുണ്ടോ, ക്രിമിനൽ പശ്ചാത്തലമുണ്ടോ എന്നിങ്ങനെ സംസ്ഥാനത്തെ ഏതൊരാളുടെയും വിവരങ്ങൾ ലഭ്യമാക്കാൻ കുടുംബശ്രീക്ക് സാധിക്കും. ഇതുവഴി വിവാഹചൂഷണവും ഒഴിവാക്കാമല്ലോ. ഓൺലൈൻ പോർട്ടലിനെ കുറിച്ച് ചിന്തിച്ചത് ഇങ്ങനെയാണ്.’’ സിന്ധു പറഞ്ഞു.

തൃശ്ശൂർ ജില്ലയിലാണ് പോർട്ടലിന്റെ തുടക്കം. എന്നാലിന്ന് കേരളത്തിലെ എല്ലാ ജില്ലകളിലേക്കും മാട്രിമോണി വ്യാപിപ്പിക്കാൻ സിന്ധുവിനും ടീമിനും സാധിച്ചു. പെൺകുട്ടികൾക്ക് രജിസ്ട്രേഷൻ സൗജന്യമാണ്. കല്യാണം നടത്താൻ ചെറിയ ഫീസ് നൽകണമെന്നു മാത്രം. ഈ ഫീസാണ് സംരംഭത്തിന്റെ വരുമാനമാർഗം. ‘‘ഒരു രക്ഷിതാവിന്റെ ചുമതലാബോധം. അതാണ് ഈ സംരംഭം തരുന്നത്.’’ അതു തന്നെയാണ് സിന്ധുവിന്റെ ഊർജ്ജവും.‘‘ഒരു ജോലി ലഭിച്ചാൽ പോകാം. ഇതാണ് സാധാരണക്കാരിയായ ഓരോ സ്ത്രീയും ചിന്തിക്കുന്നത്. അതിനപ്പുറത്തേക്ക് റിസ്ക് ഏറ്റെടുക്കാനും സംരംഭം തുടങ്ങി വിജയിപ്പിക്കാനും അത് വ്യാപിപ്പിക്കാനുമൊക്കെ സ്ത്രീകൾ മുന്നോട്ടു വരണം. മാട്രിമോണിയിലൂടെ ഈ ആശയവും സമൂഹത്തിന് നൽകണമെന്നുണ്ട്.’’

മാട്രിമോണി വിജയിപ്പിച്ചതോടെ ‘കല്യാണ’വുമായി ബന്ധപ്പെട്ട രണ്ടാമത്തെ സംരംഭത്തിലേക്കാണ് സിന്ധു ഇനി കാൽവയ്ക്കുന്നത്. ‘‘സ്ത്രീകളുടെ നേതൃത്വത്തിൽ കാറ്ററിങ്. ഒപ്പം സദ്യ വിളമ്പാനുള്ള ടീമും. കഴിക്കുന്നവരുടെ മനസ്സു നിറയാൻ സ്ത്രീകൾ വിളമ്പണമെന്ന ചിന്തയിൽ നിന്നാണ് ഈ നൂറുപേരുടെ ടീമിന്റെ തുടക്കം.’’ ജനുവരിയിൽ 10,000 പേരുടെ സദ്യയുടെ നേതൃത്വം ഈ സംഘം ഏറ്റെടുത്തിരുന്നു. ‘മോളേ, എനിക്കുവേണ്ടിയാണ് നീയിത് തുടങ്ങിയത്. എന്റെ മകൾക്ക് നല്ലൊരു ബന്ധമാണ് കിട്ടിയത്’ എന്ന വീട്ടമ്മമാരുടെ ഫോൺവിളികളാണ് വിവാഹത്തിലൂടെ സാമൂഹ്യസേവനം നടത്താൻ സിന്ധുവിനെ പ്രചോദിപ്പിക്കുന്നത്. കുടുംബശ്രീ മാട്രിമോണിയിലൂടെ ഈ വർഷം 500 കല്യാണങ്ങൾ നടക്കട്ടേയെന്ന് നമുക്ക് ആശംസിക്കാം.


ഫോട്ടോ: വിവേക് ആർ. നായർ

സിന്ധുബാലൻ



കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ ഐ.എ.എസ്., മനസ്സിൻെറ കരുത്ത് തെളിയിച്ച സ്ത്രീകളെ കുറിച്ച് എഴുതുന്നു